"ഭരണഭാഷ മാതൃഭാഷ"

## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: അനുപമ റ്റി.വി. IAS)

വിഷയം: വനിത ശിശു വികസന വകുപ്പ് - PFMS (Public Financial Management System) - 08.04.2021, 09.04.2021 തീയതികളിൽ നടത്തുന്ന പരിശീലന പരിപാടികളിൽ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: വനിത ശിശു വികസന ഡയറക്ടർ പുറപ്പെടുവിച്ച 24.03.2021 ലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നം. WCD/A4-9791/2020 തീയതി: 31.03.2021**

2021-22 സാമ്പത്തിക വർഷം മുതൽ 10 കേന്ദ്രാവിഷ്കൃത പദ്ധതികൾ PFMS മുഖേന നടപ്പിലാക്കുന്നതിന് ബാങ്ക് അക്കൗണ്ട് ആരംഭിക്കുവാൻ പരാമർശിത ഉത്തരവിലൂടെ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത സോഫ്റ്റ്‌വെയർ സംവിധാനം പരിചയപ്പെടുത്തുന്നതിനും ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും 08.04.2021, 09.04.2021 എന്നീ തീയതികളിൽ ഓരോ എകദിന പരിശീലന പരിപാടികൾ LBS Institute of Technology for Women, Poojappura, Thiruvananthapuram -ൽ വച്ച് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ പരിശീലന പരിപാടിയിൽ ചുവടെ പറയുന്ന വിധത്തിൽ ഓരോ ജില്ലയിൽ നിന്നും ജില്ലാ വനിത ശിശു വികസന ഓഫീസറുടെ നേതൃത്വത്തിൽ ജീവനക്കാരെ പങ്കെടുപ്പിക്കേണ്ടതാണ്.

| | തീയതി | പങ്കെടുക്കേണ്ട ജില്ലകൾ | പങ്കെടുക്കേണ്ട ഉദ്യോഗസ്ഥർ |
|---|---|---|---|
| 1-ാംദിന പരിശീലന പരിപാടി | 08.04.2021 | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം (7 ജില്ലകൾ) | 1. ജില്ലാ വനിത ശിശു വികസന ഓഫീസർ - 1<br>2. ജൂനിയർ സൂപ്രണ്ട്/ ഹെഡ് അക്കൗണ്ടന്റ് - 1 (ജില്ലാ വനിത ശിശു വികസന ഓഫീസിൽ അക്കൗണ്ട് കൈകാര്യം ചെയ്യുന്ന ജീവനക്കാർ)<br>3. സിഡിപിഒ - 1 (കമ്പ്യൂട്ടർ പരിജ്ഞാനമുള്ള)<br>4. ക്ലറിക്കൽ ജീവനക്കാർ - 2 (ക്ലാർക്ക്/ സീനിയർ ക്ലാർക്ക്) (കമ്പ്യൂട്ടർ പരിജ്ഞാനമുള്ള) |
| 2-ാംദിന പരിശീലന പരിപാടി | 09.04.2021 | തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ കാസർഗോഡ് (7 ജില്ലകൾ) | |

P21

ഈ വിഭാഗം ജീവനക്കാരെ ഉൾപ്പെടുത്തി 5 ജീവനക്കാരുള്ള ഒരു ടീം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അതാത് ജില്ലാ വനിത ശിശു വികസന ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ പരിശീലന ദിവസം രാവിലെ 10 മണിയ്ക്ക് ജില്ലാ ഓഫീസറുടെ നേതൃത്വത്തിൽ LBS Institute of Technology for Women, Poojappura, Thiruvananthapuram-ൽ ഹാജരാകേണ്ടതാണ്. ജില്ലാ ഓഫീസർമാർ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ പകർപ്പ് 03.04.2021 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

**പകർപ്പ്:**

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. സ്റ്റോക്ക് ഫയൽ/ സ്പെയർ

**ഉത്തരവിൻപ്രകാരം**

സൂപ്രണ്ട്

P/21